പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 320 — 30.01.2014-ൽ മറുപടിയ്ക്ക്

## യു.എൻ. പബ്ലിക് സർവ്വീസ് അവാർഡിനുള്ള നോമിനേഷൻ സംബന്ധിച്ച വ്യവസ്ഥകൾ

| | ചോദ്യം<br>ശ്രീ. കെ. രാധാകൃഷ്ണൻ<br>,, എം. എ. ബേബി<br>,, കെ. കുഞ്ഞമ്മത് മാസ്റ്റർ<br>,, ബി. സത്യൻ | | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | 2013 ലെ യു.എൻ. പബ്ലിക് സർവ്വീസ് അവാർഡിനായി മുഖ്യമന്ത്രിയുടെ ഓഫീസിനെ ഏത് രീതിയിലാണ് ചീഫ് സെക്രട്ടറി നോമിനേഷൻ നൽകിയത് ; ആയതിന് മന്ത്രിസഭയുടെ അംഗീകാരം ഉണ്ടായിരുന്നുവോ ; | (എ) | 2013-ലെ യു.എൻ. പബ്ലിക് സർവ്വീസ് അവാർഡിനായി ചീഫ് സെക്രട്ടറി നോമിനേഷൻ നൽകിയത് യു.എൻ വെബ് സൈറ്റിലൂടെയാണ്. ആയതിന് മന്ത്രിസഭയുടെ അംഗീകാരം ആവശ്യമില്ല. |
| (ബി) | യു.എൻ. പബ്ലിക് സർവ്വീസ് അവാർഡിനുള്ള നോമിനേഷൻ സംബന്ധിച്ച വ്യവസ്ഥകൾ ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആയതിലെ ചട്ടം 2, 2.1 എന്നിവ എന്താണെന്ന് വിശദമാക്കുമോ ; | (ബി) | യു.എൻ. പബ്ലിക് അവാർഡിനുള്ള നോമിനേഷൻ സംബന്ധിച്ച വ്യവസ്ഥകൾ യു.എൻ. വെബ്സൈറ്റിൽ ലഭ്യമാണ്. ആയതിലെ ചട്ടം 2, 2.1 എന്നിവ താഴെ പറയുന്നതാണ്.<br><br>2. ELIGIBILITY CRITERIA<br><br>Who is eligible for nomination and who can nominate an institution ?<br><br>Nominees : All Public organizations/ agencies at the national, state and local levels are eligible for nomination.<br><br>Nominators: Eligible nominators include Government departments and agencies; universities, non-governmental organizations, professional associations, among others, preferably an organization that has benefited from the initiative.<br><br>In order for a nomination to be qualified for the first round of evaluations, four main eligibility criteria must be fulfilled as follows. |

| | | | |
|---|---|---|---|
| | | | 2.1 <u>Nomination is made by a third party</u>:-<br><br>Nomination must be submitted by a third party. A third party is an individual or entity that was nor directly involved in the design, implementation, monitoring or evaluation of the initiative. A third-party making the nomination must not have a direct hierarchical relationship or link with the institution being nominated e.g. a department of a Ministry nominating the same Ministry.<br><br>Who cannot nominate an institutive ?<br><br>The UNPSA does not accept any self-nominations, a self-nomination is when the institution being nominated and the institution making the nomination are the same or have direct relationship.<br><br>Any institution or individual involved in the selection and evaluation process of UNPSA cannot nominate an initiative. |
| (സി) | സർക്കാരോ സംഘടനകളോ വ്യക്തികളോ ചെയ്യുന്ന പൊതു പ്രവർത്തന മികവിനാണ് അവാർഡ് നൽകുന്നതെന്ന് ഏതെങ്കിലും ഭാഗത്ത് വ്യക്തമാക്കുന്നുണ്ടോ : | (സി) | യു.എൻ. പബ്ലിക് സർവീസ് അവാർഡിന്റെ ഉദ്ദേശ ലക്ഷ്യം നോമിനേഷൻ സംബന്ധിച്ച വ്യവസ്ഥയിലെ ചട്ടം 1.2 ൽ പറയുന്നുണ്ട്. അത് ഇപ്രകാരമാണ്.<br><br>1.2 The Overall purpose of the UNPSA programme is to reward the creative achievements and contributions of public service institutions towards a more effective and responsive public administration in countries worldwide. |
| (ഡി) | വ്യക്തിപരമായ മികവിനല്ല, വിവിധ പദ്ധതികൾക്കാണ് അവാർഡ് നൽകുന്നതെന്ന വിശദീകരണം യു.എൻ. അധികാരികൾ നൽകിയിട്ടുണ്ടോ : വിശദമാക്കാമോ : | (ഡി) | ഇത്തരത്തിലുള്ള വിശദീകരണം ഒന്നും തന്നെ സർക്കാരിനു യു.എന്നിൽ നിന്നും ലഭിച്ചിട്ടില്ല. |
| (ഇ) | ചട്ടം 2.1 അനുസരിച്ച് മൂന്നാം കക്ഷിക്ക് മാത്രമേ യു.എൻ അവാർഡിനായി നോമിനേഷൻ നടത്താൻ പാടുള്ളൂ | (ഇ) | ഉണ്ട് |

| | | | |
|---|---|---|---|
| | എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ടോ ; | | |
| (എഫ്) | മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിക്ക് സംസ്ഥാന ചീഫ് സെക്രട്ടറിയുടെ ഓഫീസുമായി എന്തെങ്കിലും ബന്ധമുണ്ടായിരുന്നുവോ; വിശദമാക്കാമോ ; | (എഫ്) | മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി മുഖ്യമന്ത്രിയുടെ ഓഫീസ് നേരിട്ടാണ് നടത്തിയത്. മുഖ്യമന്ത്രിയുടെ ഓഫീസിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ റവന്യൂ അധികാരികൾ, ജില്ലാതല ഉദ്യോഗസ്ഥർ, ജില്ലയുടെ ചുമതലയുള്ള മന്ത്രിമാർ എന്നിവരുടെ ചുമതലയിലാണ് ജില്ലാതല പരിപാടികൾ നടത്തിയത്. ജില്ലയിലെ മന്ത്രിമാരും സൗകര്യാനുസരണം മറ്റ് മന്ത്രിമാർ, എം.പിമാർ, എം.എൽ.എമാർ എന്നിവരും പരിപാടിയിൽ പങ്കെടുത്തിരുന്നു. ചീഫ് സെക്രട്ടറിയുടെ ഓഫീസുമായി ഈ പരിപാടിയ്ക്ക് ബന്ധം ഉണ്ടായിരുന്നില്ല. |
| (ജി) | നോമിനേഷൻ നൽകുന്ന മൂന്നാം കക്ഷിക്ക് നോമിനേറ്റ് ചെയ്യപ്പെടുന്ന സ്ഥാപനവുമായി അദ്ധ്യക്ഷാധിപത്യപരമായ ബന്ധം **(hierarchical relationship)** പാടില്ല എന്ന വ്യവസ്ഥ അറിവുള്ളതാണോ: | (ജി) | നോമിനേഷൻ നൽകുന്ന മൂന്നാം കക്ഷിക്ക് നോമിനേറ്റ് ചെയ്യപ്പെടുന്ന സ്ഥാപനവുമായി അദ്ധ്യക്ഷാധിപത്യപരമായ ബന്ധം നിർവചിക്കുന്നത് ചട്ടം 2.1 ൽ ആണ്. അത് ഇപ്രകാരമാണ്.<br><br>A third-party making the nomination must not have a direct hierarchical relationship or link with the institution being nominated e.g. a department of a Ministry nominating the same Ministry. |
| (എച്ച്) | ജനസമ്പർക്ക പരിപാടിയുടെ പൂർണ്ണ ചുമതലക്കാരനായ ചീഫ് സെക്രട്ടറിയെക്കൊണ്ട് നോമിനേഷൻ നൽകിച്ചത് നിയമവിരുദ്ധമാണോ ; എങ്കിൽ വിശദമാക്കാമോ: ഈ സർക്കാർ പരിപാടിയുടെ കാര്യത്തിൽ ചീഫ് സെക്രട്ടറി മൂന്നാം കക്ഷിയാവുന്നത് ഏത് നിലയിലാണ്; വ്യക്തമാക്കാമോ? | (എച്ച്) | ജനസമ്പർക്ക പരിപാടിക്കു വേണ്ടി ചീഫ് സെക്രട്ടറി നോമിനേഷൻ കൊടുത്തതിൽ നിയമവിരുദ്ധമായി ഒന്നുമില്ല. മൂന്നാം കക്ഷി എന്ന നിലയിൽ യു.എൻ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്നതുകൊണ്ടാണ് ചീഫ് സെക്രട്ടറിയുടെ നോമിനേഷൻ യു.എൻ അംഗീകരിച്ചത്. |

സെക്ഷൻ ഓഫീസർ